## പള്ളിക്കൂദാശാക്കാലം നാലാം ഞായർ

**മത്താ. 22:41-46**

### ക്രിസ്തുരാജത്വ തിരുനാൾ

**റവ.ഡോ. ജോസ് ഓലിയപ്പുറം**

മത്തായിയുടെ സുവിശേഷ വിവരണമനുസരിച്ച് 22-23 അധ്യായങ്ങൾ ഫരിസേയരെയും സദുക്കായരെയും കുറിച്ച് നടത്തുന്ന പരാമർശനങ്ങളാണ്. അതിൽ ഫരിസേയരും സദുക്കായരും യേശുവുമായി നടത്തുന്ന സംവാദങ്ങളുടെ ഒരു ഭാഗം അവസാനിക്കുന്നിടത്താണ് ഇന്നത്തെ സുവിശേഷഭാഗം. ഇവിടെ ഫരിസേയരോട് യേശു ചോദിക്കുന്ന ചോദ്യവും അതേ തുടർന്ന് ഉണ്ടാകുന്ന സംവാദവുമാണ് വിവരിക്കുന്നത്. ഈ സംവാദത്തിൽ യേശു ഫരിസേയരെ ഉത്തരം മുട്ടിക്കുന്നതായി പറഞ്ഞാണ് സുവിശേഷഗ്രന്ഥകാരൻ ഈ ഭാഗം അവസാനിപ്പിക്കുന്നത്. യഥാർത്ഥത്തിൽ യേശു സദുക്കായരെ വാക്കു മുട്ടിച്ചെന്നു കേട്ടിട്ടാണ് ഫരിസേയർ ഒരുമിച്ചു കൂടിയത് (മത്താ. 22:34). അപ്രകാരം ഒരുമിച്ചുകൂടി ചോദ്യങ്ങൾ ചോദിച്ചു വന്നവരെയാണ് യേശു തന്റെ ചോദ്യത്താൽ ഉത്തരം മുട്ടിച്ചത് (മത്താ. 22:46). ഇപ്രകാരം ഫരിസേയരെയും സദുക്കായരെയും യേശു ഉത്തരം മുട്ടിച്ച് അവരുടെ കാപട്യം പുറത്തുകൊണ്ടു വരുന്നു.

ഇന്നത്തെ തിരുവചനഭാഗത്ത് ശ്രദ്ധേയമായ കാര്യം യേശുവിന്റെ ചോദ്യമാണ്. ഫരിസേയരോടാണ് യേശു ചോദിക്കുന്നത്. നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു; അവൻ ആരുടെ പുത്രനാണ്? ഇതിന് ഉത്തരമായി അവർ പറഞ്ഞത് ദാവീദിന്റെ പുത്രൻ എന്നാണ്. ഈ ഒരു വാക്കു മാത്രമാണ് ഈ വിവരണഭാഗത്ത് ഫരിസേയരുടേതായി ഉള്ളത്. ബാക്കി 46 വരെയുള്ള വാക്യങ്ങളിൽ നാല്പത്തിയഞ്ചാം വാക്യം വരെയും സംസാരിക്കുന്നത് യേശുവും നാല്പത്തിയാറാം വാക്യം സുവിശേഷഗ്രന്ഥകാരൻ പറയുന്ന ആഖ്യാനവുമാണ്.

ക്രിസ്തു ആരെന്ന് ചോദ്യം നിരവധി ചിന്താസരണികൾക്കു കാരണമാകുന്നു. പരമ്പരാഗത യഹൂദ വിശ്വാസത്തിന്റെ ഭാഗമായി കാണപ്പെടുന്നതും പഴയനിയമത്തിലെ നിയമവും പ്രവാചകന്മാരും വ്യക്തമായി പറയുന്നതുമായ കാര്യമാണ് രക്ഷകൻ/മിശിഹാ ജനിക്കുന്നത് ദാവീദിന്റെ വംശത്തിലാണ് എന്നതാണ്. ഫരിസേയർ പറയാൻ ശ്രമിച്ചതും അതുതന്നെയായിരുന്നു. എന്നാൽ അതിനപ്പുറത്തേയ്ക്കു ചിന്തിക്കേണ്ട ക്രിസ്തുവിനെ/മിശിഹായെക്കുറിച്ച് യേശുവിന്റെ വാക്കുകളിലൂടെ തന്നെ സുവിശേഷഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു എന്നതാണ് ഈ വിവരണത്തിന്റെ പ്രത്യേകത.

സങ്കീർത്തനങ്ങൾ പൊതുവെ ദാവീദ് രാജാവ് രചിച്ചതാണെന്നാണല്ലോ പാരമ്പര്യം. ഇന്നത്തെ സുവിശേഷ വിവരണത്തിൽ പരാമർശിക്കപ്പെടുന്ന നൂറ്റിപ്പത്താം സങ്കീർത്തനം ദാവീദിന്റെ സങ്കീർത്തനം എന്നാണ് അറിയപ്പെടുന്നത്. അതിലെ ഒന്നാം വാക്യമാണ് യേശു ഇവിടെ ഉദ്ധരിക്കുന്നത്. കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു എന്ന വാക്കുകളിൽ ആദ്യത്തേത് ദൈവത്തെയും രണ്ടാമത്തേത് മിശിഹായെയും സൂചിപ്പിക്കുന്നു എന്ന അനുമാനത്തിൽ യേശുവിന്റെ വാക്കുകളായി ഫരിസേയരോടു ചോദിക്കുന്നത് മിശിഹാ ദാവീദിന്റെ പുത്രനാണെങ്കിൽ പിന്നെന്തിനാണ് സങ്കീർത്തകനായ ദാവീദ് അവനെ കർത്താവേ എന്നു വിളിക്കുന്നത്? നിയമവും പ്രവാചകന്മാരും പറഞ്ഞവയെ ഭൗതികമായി മാത്രം വിശകലനം ചെയ്യുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ മിശിഹാ ആരെന്നു മനസ്സിലാക്കാൻ പ്രയാസമാണ്. ഇക്കാര്യമാണ് സുവിശേഷഗ്രന്ഥകാരൻ യേശുവിന്റെ വാക്കുകളിലൂടെ പ്രസ്പഷ്ടമാക്കുന്നത്. ക്രിസ്തുവിനെ ചരിത്രത്തിന്റെ ദൃഷ്ടിയിൽ മാത്രമല്ല അന്തർനേത്രങ്ങൾ കൊണ്ടുകൂടി കാണാൻ കഴിയണം. അപ്പോൾ മാത്രമേ മിശിഹാ ആരെന്നും എവിടെ നിന്നും വരുന്നുവെന്നും അറിയാൻ സാധിക്കുകയുള്ളൂ. മിശിഹായെക്കുറിച്ചു പറയുമ്പോൾ ഈ അർത്ഥത്തിലാണ് അപ്പസ്തോലപ്രവർത്തനം 2:34-35; 1 കൊറി. 15:25; ഹെബ്രാ. 1:13 എന്നീ വാക്യങ്ങളിൽ ഈ സങ്കീർത്തനഭാഗം ഉപയോഗിക്കുന്നത്. മിശിഹാ ദൈവത്തിൽ നിന്നും വരുന്നവനാണ്; അവൻ ദൈവപുത്രനാണ്; ദൈവമയച്ച രക്ഷകനാണ്.

യേശുവിനെ ആരെന്നും മനസ്സിലാക്കാൻ വിഷമിക്കുന്ന ഒരു സമൂഹത്തെയോ സമൂഹങ്ങളെയോ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം സുവിശേഷഗ്രന്ഥ കർത്താവ് ഈ വചനഭാഗം ഇവിടെ ചേർത്തിരിക്കുന്നത്. എല്ലാം ചരിത്രത്തിന്റെയോ പാരമ്പര്യത്തിന്റെയോ മാത്രം കണ്ണുകൾ കൊണ്ടു കാണാൻ ശ്രമിക്കുമ്പോൾ ആ കാഴ്ചയും അറിവും ഭാഗികമായിരിക്കും. ആന്തരിക നേത്രങ്ങൾ കൊണ്ടു ദർശിക്കേണ്ടതിനെ വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും തലത്തിൽ കാണേണ്ടതിനെ ചരിത്രം കൊണ്ടും പാരമ്പര്യങ്ങൾ കൊണ്ടും സ്ഥിരീകരിക്കുന്നതായിരിക്കും ഉത്തമം എന്ന പാഠവും ഈ വിചിന്തനഭാഗം പഠിപ്പിക്കുന്നു.

നാം ജീവിക്കുന്ന സമൂഹത്തിൽ വിശ്വാസാനുഭവജീവിതത്തിന് ഊന്നൽ കൊടുക്കേണ്ടതിനെക്കുറിച്ചും ഭൗതികമാത്രമായ കാഴ്ചപ്പാടിലൂടെയുള്ള വിശകലനങ്ങളെ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും ഈ വചനഭാഗം മുന്നറിയിപ്പു തരുന്നു. കാണേണ്ടത് കാണേണ്ട വിധത്തിൽ കാണാതെ പോകാനും യാഥാർത്ഥ്യങ്ങളെ വക്രീകരിക്കാനും പലപ്പോഴും ഇടയായേക്കാം. അതു സംഭവിക്കാതിരിക്കാൻ സൂക്ഷിക്കണം. ഇന്നത്തെ പഴയനിയമ വായന എസക്കിയേൽ 43:1–7–ൽ നിന്നാണ്. കർത്താവിന്റെ മഹത്വത്തെക്കുറിച്ചുള്ള എസക്കിയേലിന്റെ ദർശനമാണ് അവിടെ വിവരിക്കുന്നത്. കാഴ്ചകൾ, ദർശനങ്ങൾ ഇവ അനുഭവമായി മാറുമ്പോൾ അത് യാഥാർത്ഥ്യമായി ഭവിക്കുന്നു. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഹെബ്രായർക്കുള്ള ലേഖനം 9:16–28–ൽ നിന്നാണ് രണ്ടാമത്തെ വായന. രണ്ടുതരം ബലികളുടെ കാര്യമാണ് ഇവിടെ പറയുന്നത്. ഒന്ന് ആണ്ടുതോറും അർപ്പിച്ചിരുന്ന മൃഗബലിയിലൂടെ ചിന്തിയ രക്തം വഴി നടന്ന ശുദ്ധീകരണവും വീണ്ടെടുപ്പും. ഇതിൽ രണ്ടാമത്തേത് യഥാർത്ഥവും ആദ്യത്തേത് പ്രതീകവുമാണ്. ക്രിസ്തുവിലൂടെ രക്ഷ പൂർത്തീകരിക്കപ്പെടുകയും യാഥാർത്ഥ്യമാവുകയും ചെയ്തു. കാരണം അവൻ ഭൗമികനായിരുന്നില്ല. ദാവീദ് രാജാവ് എന്റെ കർത്താവ് എന്നു വിളിച്ചവനാണ് യഥാർത്ഥ ക്രിസ്തു/മിശിഹാ. അവൻ ദൈവത്തിൽ നിന്നും വന്നവനാണ്. അവനെ ഭൗതികതയിൽ തളച്ചിടുമ്പോൾ അത് ഭാഗികമായ അറിവും അനുഭവവും മാത്രമാകും. അപ്രകാരം സംഭവിക്കരുതെന്നും ക്രിസ്തു ദൈവത്തിൽ നിന്നും വന്ന ദൈവപുത്രനായ രക്ഷകനായി അംഗീകരിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യണമെന്നും ഇന്നത്തെ സുവിശേഷഭാഗവും ഇതര വചനഭാഗങ്ങളും പഠിപ്പിക്കുന്നു.